ബി.ജെ.പിക്ക് മറുപടി പറയാൻ 9ന് കണ്ണൂരിൽ സി.പി.എം സത്യാഗ്രഹം

കണ്ണൂർ: ദേശീയ പ്രസിഡണ്ട് അമിത്ഷാ നേരിട്ട് പങ്കെടുത്ത ജനരക്ഷായാത്രയിൽ ബി.ജെ.പി ഉയർത്തിയ കുപ്രചരണങ്ങൾക്ക് മറുപടി പറയാൻ 9ന് സി.പി.എമ്മിന്റെ നേതൃത്വത്തിൽ കണ്ണൂർ സ്റ്റേഡിയം കോർണറിൽ സത്യഗ്രഹം നടത്തുമെന്ന് ജില്ലാ സെക്രട്ടറി പി.ജയരാജൻ പത്രസമ്മേളനത്തിൽ അറിയിച്ചു. രാവിലെ 10 മുതൽ വൈകുന്നേരം 4 മണിവരെ നടക്കുന്ന സത്യാഗ്രഹം സി.പി.എം കേന്ദ്രകമ്മിറ്റിയംഗം ഇ.പി. ജയരാജൻ ഉദ്ഘാടനം ചെയ്യും.

ആർ.എസ്.എസ് കൊലക്കത്തിക്കിരയായ രക്തസാക്ഷികളുടെ കുടുംബാംഗങ്ങളും അക്രമത്തിൽ പരിക്കേറ്റവരും സത്യാഗ്രഹത്തിൽ പങ്കാളികളാകും. നിരവധി കലാകാരന്മാർ പ്രതിഷേധ പന്തലിൽ എത്തി ഫാസിസ്റ്റ് വിരുദ്ധ രചനകൾ നടത്തും. ചിത്രങ്ങൾ, കവിതകൾ എന്നിവ അവതരിപ്പിക്കാൻ അവസരം നൽകും.

സംഘപരിവാറിനെ പ്രതിരോധിക്കാൻ ആഗ്രഹിക്കുന്ന ആർക്കും രാഷ്ട്രീയത്തിനതീതമായി പരിപാടിയിൽ പങ്കെടുക്കാം.

കോൺഗ്രസിനെ പോലുള്ള പാർട്ടികൾക്ക് അഖിലേന്ത്യാ തലത്തിൽ സംഘപരിവാറിനെ പ്രതിരോധിക്കാൻ കഴിയില്ലെന്ന് ഓരോ ദിനവും തെളിഞ്ഞു കൊണ്ടിരിക്കുകയാണ്. പെരുംനുണകളാണ് അമിത്ഷാ ഉൾപ്പെടെയുള്ള ബി.ജെ.പി നേതാക്കൾ യാത്രയിലുടനീളം പ്രചരിപ്പിച്ചത്. കേരളത്തിന് പുറത്തുനിന്നുള്ളവരെ അണിനിരത്തിയാണ് യാത്ര നടത്തിയത്. ദേശീയ മാധ്യമ പ്രതിനിധികളെ കണ്ണൂരിൽ എത്തിച്ച് ജിഹാദി-ചുവപ്പ് ഭീകരതയാണെന്ന് പ്രചരിപ്പിച്ച് അക്ഷരാർത്ഥത്തിൽ കേരള വിരുദ്ധ പ്രചരണങ്ങളാണ് അഴിച്ചുവിട്ടത്. പി.ജയരാജൻ കൂട്ടിച്ചേർത്തു.

ഒറ്റക്കയ്യൻ പരാമർശത്തിനെതിരെ ജയരാജൻ നിയമ നടപടിക്ക്

കണ്ണൂർ: ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കുമ്മനം രാജശേഖരൻ നയിച്ച ജനരക്ഷായാത്രയിൽ തന്നെ അധിക്ഷേപിച്ച് മുദ്രാവാക്യം മുഴക്കിയതിന് എതിരേ സി.പി.എം ജില്ലാ സെക്രട്ടറി പി.ജയരാജൻ നിയമ നടപടിക്ക് ഒരുങ്ങുന്നു. 'ഒറ്റക്കയ്യൻ ജയരാജാ... മറ്റേ കയ്യും കാണില്ല' തുടങ്ങിയ പ്രകോപനപരമായ മുദ്രാവാക്യങ്ങളാണ് ജനരക്ഷായാത്രയിൽ ഉടനീളം ബി.ജെ.പി പ്രവർത്തകർ നടത്തിയതെന്ന് സി.പി.എം ആരോപിക്കുന്നു. ഒരു രാഷ്ട്രീയ പ്രവർത്തകനെ ശരിപ്പെടുത്തും എന്ന രീതിയിലുള്ള മുദ്രാവാക്യങ്ങൾ ഗൗരവതരമായ കുറ്റമാണെന്ന് ചൂണ്ടിക്കാട്ടിയാണ് ജയരാജൻ നിയമനടപടിക്ക് തീരുമാനിച്ചത്. ഇതുസംബന്ധിച്ച് മുതിർന്ന അഭിഭാഷകരുമായി ജയരാജൻ ചർച്ച നടത്തിക്കഴിഞ്ഞു.

കൊല്ലത്ത് നിന്ന് നാല് മാസം പ്രായമുള്ള കുഞ്ഞിനൊപ്പം മുങ്ങിയ യുവതി പോലീസിനെ വട്ടംകറക്കി

കണ്ണൂർ: കൊല്ലത്ത് നിന്ന് നാല് മാസം പ്രായമായ കുഞ്ഞിനൊപ്പം കണ്ണൂർ റെയിൽവേ സ്റ്റേഷനിലെത്തിയ യുവതി ഇല്ലാക്കഥകൾ പറഞ്ഞ് പോലീസിനെ വലച്ചു. ഇന്നലെ പുലർച്ചെയായിരുന്നു സംഭവം. കൊല്ലത്ത് ഭർത്താവിന്റെ അമ്മക്കൊപ്പം മാർക്കറ്റിൽ പോയ യുവതി അവരുടെ കണ്ണുവെട്ടിച്ച് കുഞ്ഞിനെയുമെടുത്ത് കൊല്ലം റെയിൽവേ സ്റ്റേഷനിലെത്തുകയായിരുന്നു. അവിടെ നിന്ന് തീവണ്ടിയിൽ കയറി കണ്ണൂരിലെത്തി. പ്ലാറ്റ്ഫോമിൽ ഏറെ സമയം ഇരിക്കുന്നത് കണ്ട് സംശയം തോന്നി റെയിൽവേ പോലീസ് വിവരം ആരാഞ്ഞപ്പോൾ തന്നെ രണ്ടുപേർ ചേർന്ന് പീഡിപ്പിച്ചുവെന്നും അതിന്റെ നൈരാശ്യത്താൽ ഇരിക്കുന്നതാണെന്നും വെളിപ്പെടുത്തി. പീഡിപ്പിച്ചവർ റെയിൽവെ സ്റ്റേഷനിൽ തന്നെയുണ്ടെന്നും യുവതി പറഞ്ഞു. തുടർന്ന് റെയിൽവേ പോലീസ് ഒരു മലയാളിയെയും ഇതര സംസ്ഥാന തൊഴിലാളിയെയും പിടികൂടി ഇവരുടെ മുന്നിലെത്തിച്ചപ്പോൾ ഇവർ തന്നെയാണ് ബലാൽസംഗം ചെയ്തതെന്ന് യുവതി പറഞ്ഞു. ഇതോടെ രണ്ടുപേരെയും പോലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തു. എന്നാൽ പീഡിപ്പിച്ചതിന്റെ യാതൊരു തുമ്പും ലഭിച്ചില്ല. യുവതിയെ വനിതാ പോലീസിനെ ഏൽപ്പിച്ച് വിശദമായി ചോദ്യം ചെയ്തപ്പോൾ പരസ്പര വിരുദ്ധമായ കാര്യങ്ങളാണ് പറഞ്ഞത്. ഇടക്ക് ബോധക്കേട് വന്നതുപോലെ അഭിനയിക്കുകയും ചെയ്തു. ജില്ലാശുപത്രിയിൽ യുവതിയെ വൈദ്യപരിശോധനക്ക് എത്തിച്ചു. വൈദ്യപരിശോധനയിൽ യുവതിക്ക് മാനസിക പ്രശ്നങ്ങളുണ്ടെന്ന് വ്യക്തമായി. തുടർന്ന് യുവതിയുടെ ഭർത്താവുമായി ബന്ധപ്പെട്ടു. കൊല്ലത്ത് നിന്ന് ഭർത്താവും ബന്ധുക്കളുമെത്തി യുവതിയെ നാട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഈ സമയമത്രയും പിഞ്ചുകുഞ്ഞിന് വനിതാ പോലീസാണ് പരിലാളന നൽകിയത്. പ്രസവത്തെ തുടർന്നുണ്ടായ ഡിപ്രഷനാണത്രെ യുവതിക്ക്. ഇതിന് ചികിത്സയിൽ കഴിഞ്ഞുവരികയായിരുന്നു.

ആലക്കോട്ടെ ഭൂമി വിവാദത്തിന് പിന്നിൽ ഉദ്യോഗസ്ഥ ഗൂഢാലോചനയെന്ന് ആരോപണം

ആലക്കോട്: ആലക്കോട് ടൗൺ ഉൾപ്പെടെ മലയോരത്തെ ഭൂമിയുമായി ബന്ധപ്പെട്ട് ജനങ്ങളെ ആശങ്കയിലാഴ്ത്തുന്ന വിധത്തിൽ അടിക്കടി വിവാദങ്ങൾ കുത്തിപ്പൊക്കുന്നതിന് പിന്നിൽ റവന്യൂ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെട്ട ഗൂഡാലോചനയെന്ന് ആക്ഷേപം. റവന്യൂ മന്ത്രിയോ, സംസ്ഥാന സർക്കാരോ അറിയാതെയാണ് ഉദ്യോഗസ്ഥർ ഇടയ്ക്കിടെ ഭൂമി വിവാദം ഉയർത്തിക്കൊണ്ടുവരുന്നതെന്നാണ് ആക്ഷേപം. ഇത്തരമൊരു ഗൂഢനീക്കത്തിന്റെ ഭാഗമായാണ് കഴിഞ്ഞ ദിവസം ഒരു സംഘം റവന്യൂ ഉദ്യോഗസ്ഥർ ഉദയഗിരി വില്ലേജ് ഓഫീസിലെത്തി കോളിയാട് എസ്റ്റേറ്റുമായി ബന്ധപ്പെട്ട് ചില നീക്കങ്ങൾ നടത്തിയെന്നാണ് സംശയമുയർന്നിരിക്കുന്നത്. ആലക്കോട് പി.ആർ. രാമവർമ്മരാജയിൽ നിന്ന് ഭൂമി വാങ്ങി പതിറ്റാണ്ടുകളായി കൃഷി ചെയ്തും, വ്യാപാരം ചെയ്തും വരുന്നവരുടെ ഭൂമി സർക്കാർ പിടിച്ചെടുക്കാൻ പോകുന്നുവെന്ന വിധത്തിലാണ് ഉദ്യോഗസ്ഥർ നീക്കം നടത്തിയത്. തോട്ടം ഭൂമിയായി നിലനിർത്തേണ്ട കോളിയാട് എസ്റ്റേറ്റിലെ 1500 ഏക്കർ വകമാറ്റിയെന്നും അതിനാൽ സർക്കാർ പ്രസ്തുത സ്ഥലങ്ങൾ പിടിച്ചെടുക്കാൻ പോകുന്നുവെന്ന വിധത്തിലാണ് ഉദ്യോഗസ്ഥ സംഘം പ്രചരിപ്പിക്കുന്നത്. രാജയുടെ ഭൂമിയുമായി ബന്ധപ്പെട്ട് പത്ത് വർഷം മുമ്പും സമാനമായ വിധത്തിൽ ആലക്കോട് വിവാദങ്ങൾ ഉടലെടുത്തിരുന്നു. അന്ന് ഭൂമിയുടെ നികുതി സ്വീകരിക്കുന്നത് തടഞ്ഞുകൊണ്ടാണ് റവന്യൂ വകുപ്പിലെ ഒരു സംഘം ഉദ്യോഗസ്ഥർ ഗൂഢാലോചന നടത്തിയിരുന്നത്. ഇതിനെതിരെ വൻ ജനകീയ പ്രക്ഷോഭം ഉയർന്നുവന്നതിനെ തുടർന്നാണ് റവന്യൂ അധികൃതർ പിൻമാറിയിരുന്നത്. ഇതിന് സമാനമായ വിധത്തിലാണ് വീണ്ടും ഭൂമി വിവാദം ഉയർത്തിക്കൊണ്ടുവരുന്നത്. ആലക്കോട് രാജയുടെ ഭൂമി മിച്ചഭൂമിയായി സർക്കാർ ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് വർഷങ്ങളായി ഹൈക്കോടതിയിൽ ഉൾപ്പെടെ കേസുകൾ നടന്നുവരുന്നുണ്ട്. കോടതിയുടെയും സർക്കാരിന്റെയും അനുമതിയോടെയാണ് ഭൂമി വിൽപ്പന നടന്നിരുന്നതും. അന്നൊന്നും യാതൊരുവിധ എതിർപ്പുകളും ഉന്നയിക്കാതിരുന്ന റവന്യൂ വകുപ്പിലെ ഒരു വിഭാഗം, പതിറ്റാണ്ടുകളായി നിയമാനുസൃതമുള്ള എല്ലാവിധ രേഖകളും സഹിതം ഭൂമി കൈവശം വെച്ചുവരുന്നവരെ കുടിയൊഴിപ്പിക്കാൻ ശ്രമിക്കുന്നതിന് പിന്നിൽ വലിയ തോതിലുള്ള ഗൂഢാലോചന നടത്തുന്നതായാണ് ആക്ഷേപങ്ങൾ ഉയർന്നിരിക്കുന്നത്. സർക്കാർ സ്കൂളുകൾ, സ്ഥാപനങ്ങൾ, വ്യാപാര കേന്ദ്രങ്ങൾ തുടങ്ങിയവ സ്ഥിതി ചെയ്യുന്ന ഭൂമിയുടെ പേരിൽ അടിക്കടി വിവാദങ്ങൾ ഉയർത്തിക്കൊണ്ടുവരികയും ജനങ്ങളെ ആശങ്കയിലാഴ്ത്തുകയും ചെയ്യുന്ന ഉദ്യോഗസ്ഥരുടെ നടപടികൾക്കെതിരെ ഭരണതലത്തിൽ തന്നെ വലിയ തോതിലുള്ള എതിർപ്പുകളാണ് ഉയർന്നിട്ടുള്ളത്. മന്ത്രിതലത്തിൽ പോലും ആലോചിക്കാതെയുള്ള ഉദ്യോഗസ്ഥരുടെ നീക്കം റവന്യൂ വകുപ്പ് കയ്യാളുന്ന സി.പി.ഐ നേതൃത്വം ഏറെ ഗൗരവത്തോടെയാണ് കാണുന്നത്.

പിരിച്ചുവിടാൻ തീരുമാനിച്ച സി.പി.എം തളിപ്പറമ്പ അഭിഭാഷക ബ്രാഞ്ച് സമ്മേളനം നാളെ

തളിപ്പറമ്പ: നിഷ്ക്രിയതയുടെ പേരിൽ പിരിച്ചുവിടുകയും ഏരിയാ കമ്മിറ്റി അതിന് അംഗീകാരം നൽകുകയും ചെയ്ത തളിപ്പറമ്പ അഭിഭാഷക ബ്രാഞ്ച് സമ്മേളനം നാളെ നടക്കും. ഏരിയാ കമ്മിറ്റി ഓഫീസിൽ ചേരുന്ന സമ്മേളനം ഒ. സുഭാഗ്യമാണ് ഉദ്ഘാടനം ചെയ്യുക. തളിപ്പറമ്പ നോർത്ത് ലോക്കൽ കമ്മിറ്റിക്ക് കീഴിലാണ് വർഷങ്ങളായി അഭിഭാഷക ബ്രാഞ്ച് പ്രവർത്തിക്കുന്നത്. തളിപ്പറമ്പ് കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന തളിപ്പറമ്പ, പയ്യന്നൂർ, മാടായി, ശ്രീകണ്ഠപുരം, ആലക്കോട് ഏരിയാ കമ്മിറ്റിക്ക് കീഴിലെ അഭിഭാഷകർ ഉൾപ്പെട്ടതാണ് 17 മെമ്പർ ഉൾപ്പെട്ട ബ്രാഞ്ച്. അഡ്വ. എം.ജെ. സിദ്ധാർത്ഥ് ആണ് ബ്രാഞ്ച് സെക്രട്ടറി. വിവിധ ഭാഗങ്ങളിൽ നിന്നുള്ളവരായതിനാൽ ബ്രാഞ്ചിന് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ കാലങ്ങളിലെ കേന്ദ്ര കമ്മിറ്റി-സംസ്ഥാന കമ്മിറ്റി തീരുമാനങ്ങളുടെ റിപ്പോർട്ടിംഗ് പോലും ബ്രാഞ്ചിൽ നടന്നിട്ടില്ല. ലോക്കൽ ജനറൽ ബോഡിയുടെ വിവരം ലഭിക്കാറില്ല. മറ്റ് സ്ഥലങ്ങളിൽ നിന്നും പകൽ മാത്രം തളിപ്പറമ്പിൽ വരുന്ന അഭിഭാഷകരാണ് മെമ്പർമാർ എന്നതിനാലാണ് പ്രവർത്തനം മുടങ്ങിയത്. ഈ കാര്യം നോർത്ത് ലോക്കൽ കമ്മിറ്റി ചർച്ച ചെയ്ത് ബ്രാഞ്ച് പിരിച്ച് വിടാനും താമസ സ്ഥലത്തെ ബ്രാഞ്ചുകളിൽ ഇവർക്ക് അംഗത്വം നൽകാനും തീരുമാനിച്ചിരുന്നു. ഇതിന് തളിപ്പറമ്പ ഏരിയാ കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്തിരുന്നു. എന്നാൽ ജില്ലാ കമ്മിറ്റിയുടെ അംഗീകാരം കൂടി വേണമെന്ന വാദം ഉയർന്നതോടെ തീരുമാനം നടപ്പിലാക്കാൻ കഴിഞ്ഞില്ല. സമ്മേളന ഷെഡ്യൂൾ പ്രഖ്യാപിച്ചതിനാൽ ജില്ലാ കമ്മിറ്റിക്ക് അംഗീകാരം നൽകാനും കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ ആണ് നാളെ അഭിഭാഷക ബ്രാഞ്ച് സമ്മേളനം നടക്കുന്നത്. ലോക്കൽ കമ്മിറ്റിയിൽ നിന്നും ടി.ആർ. ശിവൻ, പി. പത്മനാഭൻ എന്നിവരാണ് സമ്മേളനത്തിന് എത്തുന്നത്.

തേങ്ങ മോഷ്ടാക്കൾ വിലസുന്നു

ആലക്കോട്: ആലക്കോട് പാലം പരിസരം, മൊറാനി ഭാഗങ്ങൾ കേന്ദ്രീകരിച്ച് തേങ്ങ മോഷ്ടാക്കൾ വിലസുന്നതായി പരാതി. നിരവധി കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നാണ് വ്യാപകമായി തേങ്ങ മോഷണം പോയിക്കൊണ്ടിരിക്കുന്നത്. കൃഷിയിടങ്ങളിൽ കൂട്ടിയിട്ടിരിക്കുന്ന തേങ്ങ കർഷകരുടെ കണ്ണുവെട്ടിച്ച് വൻതോതിൽ കടത്തിക്കൊണ്ടുപോവുകയാണ്. പട്ടാപ്പകൽ വരെ മോഷണം നടക്കുന്നുണ്ട്. കഴിഞ്ഞ ദിവസം മോഷണത്തിനെത്തിയ സംഘം നാട്ടുകാരെ വെട്ടിച്ച് ഓടി രക്ഷപ്പെട്ടിരുന്നു. തേങ്ങ മോഷണസംഘത്തിന്റെ ശല്യം കാരണം പൊറുതിമുട്ടിയ അവസ്ഥയിലാണ് കർഷകർ. സംഘത്തിന്റെ വിളയാട്ടത്തിനെതിരെ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നാട്ടുകാർ പോലീസിൽ പരാതി നൽകി.

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന്: 2760
പവന് :22080
പവിത്രാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്,
ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

ഫാ. സെബാസ്റ്റ്യൻ ജോസഫിന് മലയോരത്തിന്റെ യാത്രാമൊഴി

ആലക്കോട്: ഇന്നലെ വൈകുന്നേരം കരുവഞ്ചാൽ ശാന്തിഭവനിൽ അന്തരിച്ച തലശേരി അതിരൂപതയിലെ സീനിയർ വൈദികനും ആലക്കോട് സെന്റ് മേരീസ് ഫൊറോന പള്ളി മുൻ വികാരിയുമായിരുന്ന ഫാ. സെബാസ്റ്റ്യൻ ജോസഫ് കാഞ്ഞിരക്കാട്ടി(81)ന് മലയോരത്തെ ആയിരങ്ങൾ അന്ത്യാഞ്ജലി അർപ്പിച്ചു. ഇന്ന് രാവിലെ ശാന്തിഭവനിൽ മൃതദേഹം പൊതുദർശനത്തിന് വെച്ചപ്പോൾ വൈദികരും കന്യാസ്ത്രീകളും വിശ്വാസികളും ഉൾപ്പെടെ വൻ ജനാവലിയാണ് ആദരാഞ്ജലികൾ അർപ്പിക്കാനെത്തിയത്. ഉച്ചയോടെ മൃതദേഹം തലശേരി സെന്റ് ജോസഫ്സ് പള്ളിയിലേക്ക് കൊണ്ടുപോയി. അവികസിതമായിരുന്ന കുടിയേറ്റ മേഖലയെ വികസനത്തിലേക്ക് കൈപിടിച്ചുയർത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ച വൈദികനെയാണ് ഫാ. സെബാസ്റ്റ്യൻ ജോസഫിന്റെ നിര്യാണത്തോടെ മലയോരത്തിന് നഷ്ടമായിരിക്കുന്നത്. തലശേരി രൂപതയുടെ പ്രഥമ മെത്രാനായ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയുടെ സഹോദര പുത്രനായ സെബാസ്റ്റ്യൻ പാല കുടയ്ക്കച്ചിറ സ്വദേശിയാണ്. പരേതരായ ജോസഫ്-ബ്രിജിത്ത ദമ്പതികളുടെ മകനാണ്. 1964 മാർച്ച് 4ന് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയിൽ നിന്നാണ് പൗരോഹിത്യം സ്വീകരിച്ചത്. ആലക്കോടിന് പുറമെ തരിയോട്, ചെന്നലോട്, ചാപ്പത്തോട്ടം, ചെമ്പേരി, ചെറുപുഴ, ചെമ്പന്തൊട്ടി, പേരാവൂർ, പാലാവയൽ, കരുണാപുരം തുടങ്ങിയ ദേവാലയങ്ങളിൽ സേവനം അനുഷ്ഠിച്ചു. നിരവധി പള്ളികൾ, സ്കൂളുകൾ, സെമിത്തേരികൾ എന്നിവ നിർമ്മിക്കുന്നതിന് നേതൃത്വം നൽകി. 2016 മുതൽ ശാന്തിഭവനിൽ വിശ്രമജീവിതത്തിലായിരുന്നു. സഹോദരങ്ങൾ: പോൾ, സിസ്റ്റർ മേരി ഫെലിക്സ്, ഏലിക്കുട്ടി, വക്കച്ചൻ, കുഞ്ഞുഞ്ഞ്, പരേതരായ സിസ്റ്റർ ബെസല്യ. സംസ്കാരം ഇന്ന് ഉച്ച കഴിഞ്ഞ് 2.30ന് തലശേരി സെന്റ് ജോസഫ്സ് കത്തീഡ്രലിൽ ആർച്ച് ബിഷപ്പ് മാർ ജോർജ് ഞെരളക്കാട്ടിന്റെ കാർമ്മികത്വത്തിൽ നടക്കും.

ശ്രീകണ്ഠപുരം സപ്ലൈകോയിൽ വെളിച്ചെണ്ണ വാങ്ങാൻ ക്യൂ നിൽക്കുന്നവർ.

സപ്ലൈകോയിൽ വെളിച്ചെണ്ണക്ക് 90 രൂപ മാത്രം; വൻ ജനത്തിരക്ക്

ശ്രീകണ്ഠപുരം: വിപണിയിൽ ഒരു ലിറ്റർ വെളിച്ചെണ്ണക്ക് 200 രൂപ ഉണ്ടെന്നിരിക്കെ സപ്ലൈകോയിൽ വെളിച്ചെണ്ണക്ക് 90 രൂപ മാത്രം. സപ്ലൈക്കോയുടെ വിവിധ ഡിപ്പോകളിൽ വെളിച്ചെണ്ണ വാങ്ങാൻ വൻ ജനത്തിരക്കാണ് അനുഭവപ്പെടുന്നത്. എന്നാൽ ആഴ്ചയിൽ ഒരിക്കൽ മാത്രമേ വെളിച്ചെണ്ണ എത്തുന്നുള്ളൂ. അതും വളരെ കുറഞ്ഞ അളവിൽ. ഇതാണ് ജനത്തിരക്ക് അനുഭവപ്പെടാൻ കാരണം. ഇന്ന് രാവിലെ ശ്രീകണ്ഠപുരത്ത് സപ്ലൈകോയിൽ വെളിച്ചെണ്ണ എത്തിയതറിഞ്ഞ് വൻ ജനക്കൂട്ടമാണ് എത്തിയത്. എന്നാൽ 300 പാക്കറ്റ് വെളിച്ചെണ്ണ മാത്രമാണ് എത്തിയത്. ഇതേ തുടർന്ന് വെളിച്ചെണ്ണ വാങ്ങാനെത്തിയവർ തമ്മിൽ ഉന്തും തള്ളും ബഹളവും നടന്നു. ഇന്നലെയും ഇന്നുമായി ആയിരത്തിലധികം പേരാണ് വെളിച്ചെണ്ണ വാങ്ങാനെത്തിയത്.

കാസർക്കോട് വൻ കുഴപ്പമെന്ന വ്യാജ പ്രചരണം

തളിപ്പറമ്പ: കാസർക്കോട്, ചെറുവത്തൂർ, കാഞ്ഞങ്ങാട് പ്രദേശങ്ങളിൽ വ്യാപക കുഴപ്പമാണെന്നും ഒരാൾ വെട്ടേറ്റ് മരിച്ചെന്നും സോഷ്യൽ മീഡിയ വഴി വ്യാജ പ്രചരണം നടത്തുന്നു. കുടൽമാല പുറത്തായ മൃതദേഹത്തിന്റെ ഫോട്ടോ സഹിതമാണ് കഴിഞ്ഞ രണ്ട് ദിവസമായി സോഷ്യൽ മീഡിയയിൽ പ്രചരണം നടക്കുന്നത്. ഇതിന്റെ ഫലമായി ഹർത്താൽ പ്രഖ്യാപിച്ചതായും ഇവർ പ്രചരിപ്പിക്കുന്നുണ്ട്. പോലീസ് വളരെ ഗൗരവമായാണ് ഇതിനെ കാണുന്നത്. പ്രചരണം നടത്തിയവരെ കണ്ടെത്താൻ പോലീസ് ശ്രമം ആരംഭിച്ചിട്ടുണ്ട്. വിദേശത്ത് നിന്നടക്കം പത്ര ഓഫീസുകളിൽ നിജസ്ഥിതി അന്വേഷിച്ച് നിരവധി ഫോൺ കോളുകളാണ് വരുന്നത്.

നാടുവിട്ട പഴയങ്ങാടിക്കാരനെ ബംഗ്ളൂരുവിൽ കണ്ടെത്തി

പഴയങ്ങാടി: നാടുവിട്ട പഴയങ്ങാടി സ്വദേശിയെ ബംഗ്ളൂരുവിൽ കണ്ടെത്തി. ചെറുകുന്ന് ഗവ. ഹയർസെക്കണ്ടറി സ്കൂളിലെ പ്ലസ്വൺ വിദ്യാർത്ഥി എരിപുരം പള്ളിക്ക് സമീപത്തെ ഹംറാസി(17)നെയാണ് ഇന്ന് പുലർച്ചെ ബംഗ്ളുരൂ റെയിൽവേ സ്റ്റേഷനിൽ കണ്ടെത്തിയത്. ബംഗ്ളുരൂ മലയാളം സമാജം പ്രവർത്തകരാണ് സംശയ സാഹചര്യത്തിൽ ഹംറാസിനെ കണ്ടത്. തുടർന്ന് പോലീസിൽ വിവരം അറിയിക്കുകയായിരുന്നു.

വിദ്യാഭ്യാസ വായ്പാ നിഷേധം; ഡി.വൈ.എഫ്.ഐ മാർച്ച് തിങ്കളാഴ്ച

ശ്രീകണ്ഠപുരം: വിദ്യാഭ്യാസ വായ്പ നിഷേധിച്ചതിൽ പ്രതിഷേധിച്ച് സിണ്ടിക്കേറ്റ് ബാങ്ക് ശ്രീകണ്ഠപുരം ശാഖയിലേക്ക് ഡി.വൈ.എഫ്.ഐ ഒമ്പതിന് മാർച്ച് നടത്തും. ചേടിച്ചേരി ആലുംമുക്ക് സ്വദേശി എം. ഷിജിന് വായ്പ നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് മാർച്ച്. കഴിഞ്ഞ ഫിബ്രുവരിയിൽ വായ്പയ്ക്കായി ഷിജിൻ ബാങ്കിൽ അപേക്ഷ നൽകിയിരുന്നു. ഭൂമിയുടെ രേഖ ഹാജരാക്കാൻ മാനേജർ നിർദേശിച്ചു. ഇതേ തുടർന്ന് ഭൂമിയുടെ രേഖ ഹാജരാക്കിയപ്പോൾ 60 ശതമാനം മാർക്ക് ഉണ്ടെങ്കിൽ മാത്രമേ വിദ്യാഭ്യാസ വായ്പ നൽകാൻ സാധിക്കൂവെന്ന് പറഞ്ഞുവത്രെ. എന്നാൽ 54-57 ശതമാനം മാർക്ക് നേടിയവർക്ക് ഇതേ ബാങ്കിൽ നിന്ന് വിദ്യാഭ്യാസ വായ്പ നൽകിയിട്ടുണ്ട്. ഇതേ തുടർന്ന് ഡി.വൈ.എഫ്.ഐ ബ്ലോക്ക് സെക്രട്ടറി പി. ഷിനോജിന്റെ നേതൃത്വത്തിൽ ബാങ്ക് മാനേജരുമായി ചർച്ച നടത്തിയെങ്കിലും വിട്ടുവീഴ്ചയ്ക്ക് തയ്യാറായില്ല. ഇക്കാരണത്താലാണ് ഡി.വൈ.എഫ്.ഐ ബാങ്കിലേക്ക് മാർച്ച് സംഘടിപ്പിക്കുന്നത്.

നിരോധിത പുകയില ഉൽപ്പന്നങ്ങളുമായി രണ്ടുപേർ പിടിയിൽ

എടക്കാട്: നിരോധിത പുകയില ഉൽപ്പന്നങ്ങളുമായി രണ്ടുപേരെ എടക്കാട് പോലീസ് പിടികൂടി. എടക്കാട്ടെ കടയിൽ നിന്ന് കുറവയിലെ ഷാഫി (35), കാടാച്ചിറയിലെ കടയിൽ നിന്ന് ആഡൂരിലെ വിജീഷ് (40) എന്നിവരെയാണ് പിടികൂടിയത്.

യുവതിയെ കാണാനില്ലെന്ന് പരാതി

കണ്ണൂർ: ഭാര്യയെ കാണാനില്ലെന്ന് യുവാവിന്റെ പരാതി. പന്നേൻപാറയിലെ കെ. ശ്രീജിത്താണ് ഭാര്യ കെ.കെ. അശ്വതി (24)യെ കാണാനില്ലെന്ന് ടൗൺ പോലീസിൽ പരാതി നൽകിയത്. കഴിഞ്ഞ നാലാംതീയതി വീടിറങ്ങിയതാണത്രെ.

ചരമം

ആമിന ഉമ്മ

ശ്രീകണ്ഠപുരം: ചെങ്ങളായി കൊവ്വപ്പുറത്തെ പരേതനായ പാറക്കാടി മൊയ്തീൻ കുട്ടിയുടെ ഭാര്യ ആമിന ഉമ്മ (90) നിര്യാതയായി. മക്കൾ: മറിയം, മുഹമ്മദ്കുഞ്ഞി, കുഞ്ഞാത്തു, സുഹറ, റസാക്ക്, അവ്വമ്മ. മരുമക്കൾ: പാത്തുമ്മ (കോൾമൊട്ട), അബ്ദുൾഖാദർ, ആയിഷ (പൂമംഗലം), പരേതരായ ചെറിയാണ്ടി മുഹമ്മദ്, അബ്ദുള്ള, അബൂബക്കർ.

മാധവി അമ്മ

കുറ്റ്യേരി: പരേതനായ പത്മനാഭന്റെ ഭാര്യ കണ്ടോത്ത് വീട്ടിൽ മാധവി അമ്മ (76) നിര്യാതയായി. മക്കൾ: ബാലകൃഷ്ണൻ, കോമളവല്ലി, പ്രഭാകരൻ (റിട്ട. ഹെഡ്മാസ്റ്റർ, കുറ്റ്യേരി ഗവ. ഹൈസ്കൂൾ), വനജ. മരുമക്കൾ: നളിനി, രാഘവൻ (ഇരുവരും ചെറുവത്തൂർ), രത്നാകരി അമ്മ (റിട്ട. ടീച്ചർ, കുറ്റ്യേരി ഗവ. ഹൈസ്കൂൾ), രാഘവൻ (കൂനം).

ആദിച്ചൻ

ആലക്കോട്: പൂവഞ്ചാൽ ഗവ. യു.പി സ്കൂളിന് സമീപത്തെ ആദ്യകാല ആദിവാസി മൂപ്പൻ പുലിക്കിരി ആദിച്ചൻ (90) നിര്യാതനായി. ഭാര്യ: പരേതയായ ചിരുത. പരേതരായ ചപ്പിലി കേളൻ- ചിരുത ദമ്പതികളുടെ മകനാണ്. മക്കൾ: ജാനകി, തങ്കമ്മ, ബാലൻ, ഭാസ്കരൻ, ദേവകി, ഗോപി, ഓമന. മരുമക്കൾ: കുഞ്ഞിരാമൻ, കുമാരൻ, ഓമന, രതി, ഉഷ.



പി.മധുസൂദനൻ

കാഞ്ഞിരങ്ങാട്: വൈദ്യനാഥ ക്ഷേത്രത്തിന് സമീപത്തെ പാർവ്വതിയിലെ പി.മധുസൂദനൻ (63) നിര്യാതനായി. റിട്ട. കോടതി ജീവനക്കാരനാണ്. ഇടത്തിലെ വീട്ടിൽ പി.വി.വത്സല (റിട്ട. എ.ഡി.ഒ സ്റ്റാറ്റിക്സ്, കണ്ണൂർ)യാണ് ഭാര്യ. മക്കൾ: മനിത (ലക്ചറർ, അമൃത എഞ്ചിനീയറിംഗ് കോളേജ് ബംഗ്ളുരൂ), മനൂപ് (നോവോ സൈമസ്, ബംഗ്ളുരൂ). മരുമകൻ: രാജേഷ് കണ്ണാടിപ്പറമ്പ് (ലക്ചറർ, അമൃത എഞ്ചിനീയറിംഗ് കോളേജ് ബംഗ്ളുരൂ). സഹോദരങ്ങൾ: മുരളീധരൻ (തിരുനെല്ലി), ഇന്ദിര, രാജശ്രീ (കോഴിക്കോട്), സുശീല (ബി.എസ്.എൻ.എൽ കോഴിക്കോട്). സംസ്കാരം നാളെ രാവിലെ ഒമ്പതിന് കാഞ്ഞിരങ്ങാട് പൊതുശ്മശാനത്തിൽ.

ആർമി സ്റ്റോർ സെയിൽസ്മാൻ മരിച്ചനിലയിൽ

കണ്ണൂർ: ജില്ലാ ആശുപത്രിക്ക് സമീപത്തെ ആർമി സ്റ്റോർ സെയിൽസുമാൻ താമസസ്ഥലത്ത് മരിച്ചനിലയിൽ. നേപ്പാളി സ്വദേശി സുമൻഥാപ്പ (35) ആണ് അഞ്ചുകണ്ടിയിലെ താമസസ്ഥലത്ത് മരണമടഞ്ഞത്. ഇന്നലെ രാത്രി പത്ത് മണിയോടെ സ്ഥാപനത്തിൽ ജോലി ചെയ്ത് താമസസ്ഥലത്തേക്ക് പോയതായിരുന്നത്രെ. അതിരാവിലെ സ്റ്റോർ തുറക്കേണ്ടതാണ്. തുറന്നു കാണാത്തതിനാൽ രാവിലെ 5.30ന് ചിലർ താമസസ്ഥലത്ത് ചെന്നപ്പോഴാണ് കട്ടിലിൽ മരിച്ച നിലയിൽ കണ്ടത്. പത്ത് വർഷമായി കണ്ണൂരിൽ ജോലി ചെയ്തുവരികയാണ്

സഞ്ചയനം നാളെ (08-10-2017)
കെ.പി. രാജപ്പൻ നായർ
കരിങ്കുറ്റിയിൽ, മൂരിക്കടവ്
മണക്കടവ്
ഞങ്ങളുടെ പ്രിയ അച്ഛന്റെ വേർപാടിൽ ദുഃഖിതരായ ഞങ്ങളെ ആശ്വസിപ്പിക്കുകയും സംസ്കാര ചടങ്ങിൽ പങ്കെടുക്കുകയും ചെയ്ത മുഴുവൻ രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക നേതാക്കൾ, പ്രവർത്തകർ, സുഹൃത്തുക്കൾ, നാട്ടുകാർ എന്നിവർക്ക് കൃതജ്ഞത രേഖപ്പെടുത്തുന്നു. സഞ്ചയനം നാളെ (08-10-2017 ഞായറാഴ്ച) രാവിലെ 9 മണിക്ക് നടക്കുന്നതാണ്.
എന്ന്, സന്തപ്ത കുടുംബാംഗങ്ങൾ

കരുവഞ്ചാലിനെ വിരുന്നൂട്ടി
നാളെ (08-10-2017)
4-ാം വയസിലേക്ക്
താജ്
റസ്റ്റോറന്റ് & കൂൾ ബാർ
എം.എം. കോംപ്ലക്സ്, കരുവഞ്ചാൽ
Ph: 8281363123, 0460 2247113
ഫ്രീ ഹോം ഡെലിവറി
നാളിതുവരെ സഹകരിച്ച ഏവർക്കും നന്ദി.
തുടർന്നും സഹകരണം ക്ഷണിക്കുന്നു
മാനേജ്മെന്റ് & സ്റ്റാഫ്

TAJ RESTAURANT

വേർപാടിന്റെ 3-ാം വർഷം
(07-10-2017)
ഇ.എം. പ്രദീപ്
മുൻ ഡയറക്ടർ, റിഡ്സ്, ആലക്കോട്
ഒരിക്കലും മരിക്കാത്ത ഓർമ്മകൾക്ക്
മുന്നിൽ ആദരാഞ്ജലികളോടെ...
പ്രസിഡണ്ട് & മെമ്പേഴ്സ്
റിഡ്സ്, ആലക്കോട്

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 10 Issue No. 307 RNI Reg.No.KER MAL/2007/22043